**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യാവസായിക പരിശീലന വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വാമനപുരത്തും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിലും പുതിയ സർക്കാർ ഐ.ടി.ഐകൾ ആരംഭിക്കുന്നത് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (കൈ) നം. 56/2017/തൊഴിൽ — തിരുവനന്തപുരം, തീയതി 01/08/2017

---

പരാമർശം - 1. സ.ഉ (കൈയെഴുത്ത്) നം.179/05/പൊ.ഭ.വ. തീയതി 04.06.2005
2. ട്രെയിനിംഗ് ഡയറക്ടറുടെ 26/04/2017 ലെ ഐ 4/20163/16 എന്ന നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ പെരുമാട്ടി, കണ്ണൂർ ജില്ലയിലെ പടിയൂർ, തിരുവനന്തപുരം ജില്ലയിലെ വാമനപുരം എന്നിവിടങ്ങളിൽ നാല് ഫുൾ ഫ്ലെഡ്ജ്ഡ് ഫസ്റ്റ് ഗ്രേഡ് ഐ.ടി.ഐ.കൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതാണ് എന്ന് പരാമർശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരത്തും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിലും പുതിയ സർക്കാർ ഐ.ടി.ഐകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ ട്രെയിനിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരത്ത് പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ ട്രേഡുകളുടെ ഒരോ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), മെക്കാനിക്ക് അഗ്രികൾച്ചർ മെഷീനറി എന്നീ രണ്ടു ട്രേഡുകളുടെ ഒരോ യൂണിറ്റും അവയ്ക്കാവശ്യമായ താഴെപ്പറയും പ്രകാരമുള്ള 16 ( ഓരോ ഐ.ടി.ഐ.യിലും 8 വീതം) തസ്തികകളോടും കൂടി പുതിയ സർക്കാർ ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | | No. of Posts | | Total No. of Posts | Expenditure per month | | | |
|---|---|---|---|---|---|---|---|---|---|
| Sl. No. | Name of Post | Scale of Pay | Perumatti | Vamanapuram | | Pay | DA | HRA | Total |
| 1 | Principal Class- II | 42500-87000 | 1 | 1 | 2 | 42500 | 5950 | 1250 | 49700 |
| 2 | Junior Instructor | 26500-56700 | 4 | 4 | 8 | 26500 | 3710 | 1000 | 31210 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | ACD Instructor | 26500-56700 | 1 | 1 | 2 | 26500 | 3710 | 1000 | 31210 |
| 4 | Clerk | 19000-43600 | 1 | 1 | 2 | 19000 | 2660 | 1000 | 22660 |
| 5 | Office Attendant | 16500-35700 | 1 | 1 | 2 | 16500 | 2310 | 1000 | 19810 |
| | **Grant Total** | | **8** | **8** | **16** | | | | |

3. പ്രസ്തുത ഐ.ടി.ഐ.കളിൽ രണ്ട് വീതം സെക്യൂരിറ്റി ജീവനക്കാരെ സൂചന 1 ലെ സർക്കാർ ഉത്തരവിനു വിധേയമായി കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് മെൻ ഡെവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഓരോ ശുചീകരണ തൊഴിലാളികളെ വീതം കുടുംബശ്രീ മുഖേനയും താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (416390/H&L-A1/77 /2017/Fin. തീയതി 11/07/2017 പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്. (ഇനം നമ്പർ. 1272)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindu

സെക്ഷൻ ഓഫീസർ.

പകർപ്പ് - തൊഴിൽ വകുപ്പ് മന്ത്രിയുടെ പി.എസ്.